S172
6/6/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്തിരുന്ന അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കാത്ത ബോർഡുകളിൽ പുനർ നിയമനം ലഭിക്കാത്ത അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം.47/14/സാ.നീതി.വ തിരുവനന്തപുരം, തീയതി 31.5.2014

പരാമർശം-
1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവ്
3. 7.10.2013 ലെ സ.ഉ(പി) 80/13/സാ.നീ.വ നമ്പർ ഉത്തരവ്
4. 8.11.2013 ലെ സ.ഉ(പി) 96/13/സാ.നീ.വ നമ്പർ ഉത്തരവ്
5. 22.11.2013 ലെ സ.ഉ(പി) 99/13/സാ.നീ.വ നമ്പർ ഉത്തരവ്
6. 2.12.2013 ലെ സ.ഉ(പി) 105/13/സാ.നീ.വ നമ്പർ ഉത്തരവ്
7. 17.1.2014 ലെ സ.ഉ(പി) 3/14/സാ.നീ.വ നമ്പർ ഉത്തരവ്
8. 23.1.2014 ലെ സ.ഉ(പി) 5/14/സാ.നീ.വ നമ്പർ ഉത്തരവ്
9. 24.2.2014 ലെ സ.ഉ(എം.എസ്)നം.14/14/സാ.നീ.വ നമ്പർ ഉത്തരവ്
10. 29.4.2014 ലെ സ.ഉ(എം.എസ്)നം.30/14/സാ.നീ.വ നമ്പർ ഉത്തരവ്
11. 3.5.2014 ലെ സ.ഉ(പി)നം.32/14/സാ.നീ.വ നമ്പർ ഉത്തരവ്
12. 5.5.2014 ലെ സ.ഉ(പി)നം.35/14/സാ.നീ.വ നമ്പർ ഉത്തരവ്
13. 27.5.2014 ലെ സ.ഉ(പി)നം.42/14/സാ.നീ.വ നമ്പർ ഉത്തരവ്
14. 28.5.2014 ലെ സ.ഉ(പി)നം.45/14/സാ.നീ.വ നമ്പർ ഉത്തരവ്
15. 3.5.2014 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ H4-2419 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.

2. പരാമർശം 2 മുതൽ 8 വരെയും 10 മുതൽ 14 വരെയും ഉള്ള ഉത്തരവുകൾ പ്രകാരം ടി കാലയളവിൽ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ താല്ക്കാലികമായി ജോലി ചെയ്തിരുന്ന അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു.

3. പരാമർശം 9 ലെ ഉത്തരവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലികമായി ജോലി ചെയ്ത അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകുന്നതിന് ചില സ്ഥാപനങ്ങൾ/ഏജൻസികൾ തടസ്സമുന്നയിക്കുന്നതു മൂലം പുനർനിയമനം ലഭിക്കാത്ത അംഗപരിമിതർക്ക് പകരം സംവിധാനമായി പുനർനിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവായിരുന്നു.

4. പരാമർശം 15 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശം 7 ലെ ഉത്തരവിൽ തിരുവനന്തപുരം ജില്ലയിൽ ക്രമ നം.19 ൽ ഉൾപ്പെട്ട ശ്രീ.സുനിൽകുമാർ.ജിയ്ക്ക് നാളിതുവരെ പുനർനിയമനം ടോഡി വർക്കേഴ്സ് വെൽഫയർ ബോർഡിൽ ലഭിക്കാത്തതിനാൽ പകരം പുനർനിയമനം നൽകുന്നതിന് ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ട അംഗപരിമിതന് പേരിനു നേരെ ചേർത്തിരിക്കുന്ന വകുപ്പിൽ /ഓഫീസിൽ പുനർനിയമനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തിരുവനന്തപുരം ജില്ല**

| 17.1.2014 ലെ ജി.ഒ(പി) 3/14/സാ.നീ.വ നമ്പർ ഉത്തരവിലെ ക്രമ നമ്പർ | പേര്, മേൽവിലാസം | ജനനതീയതി | തസ്തിക, ജോലി ചെയ്തിരുന്ന വകുപ്പ്, കാലയളവ് | പുനർനിയമനം നൽകിക്കൊണ്ടുള്ള വകുപ്പ്/ഓഫീസ് |
|---|---|---|---|---|
| 19 | Sunil Kumar.G, Vadayanikonath Thadatharikathu House, Palamkonam.P.O, Venjaramoodu, Thiruvananthapuram | 10.5.1969 | Peon cum Process Server, Kerala Toddy Workers Welfare Fund Board, TVPM 9.3.2000 to 2.9.2000 | ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ്, തിരുവനന്തപുരം |

6. ശ്രീ.സുനിൽ കുമാറിന്റെ സേവന പുസ്തകം ടിയാൻ ജോലി ചെയ്തിരുന്ന വകുപ്പിൽ നിന്ന് ലഭ്യമാക്കി, വൈകല്യ സർട്ടിഫിക്കറ്റ്, റിലീവിംഗ്/ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, തുടങ്ങിയവയുടെ അസ്സൽ രേഖകൾ വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പ് മേധാവി /നിയമനാധികാരി സ്വയം ബോധ്യപ്പെട്ടതിനുശേഷം ടിയാന് സ്ഥിര നിയമനം നല്കേണ്ടതാണ്.

7. ശ്രീ.സുനിൽകുമാർ.ജി യ്ക്ക് ബന്ധപ്പെട്ട ബോർഡുകൾ/ കോർപ്പറേഷനുകളിൽ ഇതിനകം പരാമർശിത ഉത്തരവുകൾ പ്രകാരം സ്ഥിരനിയമനം ലഭിച്ചിട്ടുള്ള പക്ഷം ടിയാനെ വീണ്ടും നിയമനത്തിന് പരിഗണിക്കേണ്ടതില്ല.

8. പരാമർശം 1 ലെ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാരൻ സർവ്വീസിൽ നിന്നും പെൻഷൻ ആയി പിരിഞ്ഞു പോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തിക ഇല്ലാതാവുന്ന തരത്തിലും ടി ഉദ്യോഗാർത്ഥിക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് മേല്പറഞ്ഞ പ്രകാരം സർവ്വീസിൽ പുനർ/റഗുലർ നിയമനം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാജു പീറ്റർ
അണ്ടർ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, തിരുവനന്തപുരം
സെക്രട്ടറി, ലേബർ ഡിപ്പാർട്ടുമെന്റ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്-PA to Additional Chief Secretary(SJ)
CA to Additional Secretary(SJ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ